# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 32 26.09 .2011ൽ മറുപടിയ്ക്ക്

**കാസർഗോഡ് വെടിവെപ്പ് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ സി. കൃഷ്ണൻ :<br>ശ്രീ കെ. കെ. നാരായണൻ : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കാസർഗോഡ് വെടിവെപ്പ് സംഭവം അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച റിട്ട : ജസ്റ്റീസ് നിസ്സാർ കമ്മീഷന്റെ പ്രവർത്തനം സർക്കാർ അവസാനിപ്പിക്കുകയുണ്ടായോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | എ) കാസർഗോഡ് വെടിവെപ്പ് സംഭവം അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ എം. എ. നിസ്സാർ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് 04.08.2011 - ലെ 52809/എസ്. എസ്. എ2/2011/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കാസർഗോഡ് പോലീസ് വെടിവെപ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകണമെന്നും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |
| ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു ; പ്രവർത്തന കാലയളവ് എത്ര തവണ ഏതെല്ലാം തീയതികളിലായി ഈ സർക്കാർ നീട്ടിക്കൊടുത്തിട്ടുണ്ടായിരുന്നു ; | ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയും പ്രകാരമായിരുന്നു :<br>1. To enquire into the facts and circumstances which led to the incidents at Kasaragod Town on 15.11.2009, resulting in police firing, death of two persons and damage to properties. |

2. To enquire whether there was any involvement of outside persons in precipitating the incidents.
3. To enquire whether the firing resorted to by the police on 15.11.2009 at Kasaragod Town was justified, and, if not, the person or persons responsible.
4. To look into such other aspects as are incidental to and arising out of the matter.

21.06.2011 - ലെ 84500/എസ്. എസ്. എ2/09/ആഭ്യന്തരം നമ്പർ വിജ്ഞാപനത്തിലൂടെ 12.07.2011 മുതൽ 6 മാസത്തേയ്ക്ക് കമ്മീഷന്റെ കാലാവധി ഈ സർക്കാർ ഒരു തവണ നീട്ടിക്കൊടുത്തിരുന്നു.

സി) കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ ഏത് തരത്തിലാണ് തീരുമാനം എടുത്തത് ; അതിന് ശുപാർശ സമർപ്പിച്ചത് ആരാണ് ;

സി) 26.07.2011 - ൽ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗമാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്.

ഡി) കമ്മീഷൻ ഇതിനകം നടത്തിയ പ്രവർത്തനങ്ങളും അത് സംബന്ധിച്ച നിരീക്ഷണങ്ങളും എന്താ യിരുന്നുവെന്ന് വിശദമാക്കാമോ ?

ഡി) അന്വേഷണം സംബന്ധിച്ച് കമ്മീഷന്റെ നിരീക്ഷണങ്ങളോ റിപ്പോർട്ടോ സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ